## 471

ഇതെന്തു ഭാഗ്യമേശുനാഥനോടു ചേർന്നു ഞാനിതാ!
ഇത്ര ശ്രേഷ്ഠനാഥനെന്റെ മിത്രമായ് ഭവിച്ചു ഹാ!

1 ഒരിക്കലും പിരിഞ്ഞു പോയിടാത്തൊരുറ്റ സ്നേഹിതൻ
ശരിക്കു സൽപ്രബോധനങ്ങൾ തന്നു താങ്ങിടുന്നവൻ
തനിക്കു തുല്യനില്ല ഭൂവിലന്യനിത്ര നല്ലവൻ-

2 കരുത്തനാമവൻ കരത്തിനാൽ പിടിച്ചിരിക്കയാൽ
ഒരുത്തനും പിടിച്ചു വേർപിരിക്കുവാൻ കഴിഞ്ഞിടാ-
വിരുദ്ധമായ് വരുന്നതൊന്നുമേതുമേ ഭയന്നിടാ-

3 അനാഥനല്ല ഞാനിനിയനുഗ്രഹാവകാശിയായ്
അനാദി നിർണ്ണയപ്രകാരമെന്നെയും വിളിക്കയായ്
വിനാശമില്ലെനിക്കിനിയനാമയം വസിച്ചിടാം-

4 നശിക്കുമീ ധരയ്ക്കുമീതിലുള്ളതൊക്കെയെങ്കിലും
നശിക്കയില്ല നാഥനാമവന്റെ വാക്കൊരിക്കലും
വസിച്ചിടാമതിൽ രസിച്ചു വിശ്വസിച്ചു നിശ്ചലം-

5 പ്രമോദമെന്നു ഭൂമയർ ഗണിച്ചിടുന്നതൊക്കെയും
പ്രമാദമെന്നറിഞ്ഞു ഞാനവന്നടുത്തണഞ്ഞതാൽ
പ്രസാദമുള്ളതെന്തവനതെന്നറിഞ്ഞമർന്നിടാം-

**T.K.S.**